ഫയൽ നം : എം ഐ ടി2/6/2021-ടി സി തിയതി : **15-10-2024**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം. 21/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഇൻഷുറൻസ് ഇല്ലാത്ത വാഹനങ്ങൾക്കുള്ള ചലാൻ ഇഷ്യൂ eDAR അടിസ്ഥാനമാക്കി നൽകുന്നത് - സംബന്ധിച്ച്

പരാമർശം :- 1. ബി2/300/2024/ട്രാൻസ്, നമ്പറിലുള്ള 22/09/2024 തീയതിയിലെ സർക്കാർ കത്ത്

2. ആർ ടി 11036/64/2019-എം വി എൽ നമ്പറിലുള്ള 27/05/2024 തീയതിയിലെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലെ ഉത്തരവ്

മേൽ സൂചനകൾ കണ്ടാലും. ഒരു വാഹനം അപകടത്തിൽപ്പെടുകയും എന്നാൽ ആ വാഹനത്തിന് സാധുവായ ഇൻഷുറൻസ് ഇല്ല എന്ന് തുടർന്നുള്ള പരിശോധനയിൽ വ്യക്തമാകുകയും ചെയ്യുന്ന പക്ഷം പ്രസ്തുത വാഹനം നിയമപ്രകാരമുള്ള ഇൻഷുറൻസ് ഇല്ലാതെയും സജീവമായും നിരത്തിൽ ഉപയോഗിച്ചതായി അനുമാനിക്കേണ്ടതും അപ്രകാരം 1988-ലെ മോട്ടോർ വാഹന നിയമം വകുപ്പ് 146- ലെ വ്യവസ്ഥകൾ പ്രകാരം അനുശാസിയ്ക്കുന്ന പ്രകാരമുള്ള ഇൻഷുറൻസ് ഇല്ലാതെ വാഹനം ഉപയോഗിച്ചിട്ടുള്ളതായി കരുതേണ്ടതും പ്രസ്തുത ആക്റ്റിലെ വകുപ്പ് 196 പ്രകാരമുള്ള ശിക്ഷയ്ക്ക് അർഹനാകുന്നതുമാണ്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ആർ ടി ഓ , സബ് ആർ ടി ഓ മാർ ചുവടെ ചേർത്തിരിയ്ക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.

1. അപകടത്തിൽപെട്ട വാഹനത്തിന് ഇൻഷുറൻസ് ഇല്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ട സ്റ്റേഷനിലെ എസ് എച്ച് ഓ യെ അറിയിച്ച് ആ കുറ്റത്തിനുള്ള ചാർജ് കൂടി ചാർജ് ഷീറ്റിൽ ഉൾപ്പെടുത്തണമെന്ന് നിർദേശിക്കേണ്ടതാണ്.
2. ഇൻഷുറൻസ് ഇല്ലാത്ത വാഹനം ഓടിച്ചതിന് 146(1) പ്രകാരമുള്ള കുറ്റം കൂടി ഉൾപ്പെടുത്തി രേഖാമൂലം ബന്ധപ്പെട്ട എസ് എച്ച് ഓ മാർക്ക് നിർദേശം നൽകാനുള്ള നടപടികൾ കർശനമായും കൈകൊള്ളാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. I-RAD / e-DAR സോഫ്റ്റ്‌വെയറിൽ അപകടവിവരങ്ങൾ കൃത്യമായി അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Chakilam Nagaraju
Date: 15-10-2024 15:25:20

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ട്രാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട്

ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എം. ഐ. ടി 2സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)